# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1768      17/06/13-ൽ മറുപടിക്ക്

## പൊക്കാളി മത്സ്യകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>„ അൻവർ സാദത്ത് :<br>„ എ. റ്റി. ജോർജ്ജ് :<br>„ ആർ. സെൽവരാജ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) പൊക്കാളി മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) **1. പൊക്കാളി നിലങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി.**<br><br>ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പൊക്കാളി നിലങ്ങളിൽ നെൽകൃഷിക്ക ശേഷമുളള കാലയളവിൽ ചെമ്മീൻ കൃഷി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 വർഷം 1 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതി പ്രകാരം 130 ഹെക്ടർ സ്ഥലത്ത് പശ്ചാത്തല സൗകര്യ വികസനം നടപ്പാക്കുകയും 1411575 കാര ചെമ്മീൻ വിത്തുകൾ പി.സി.ആർ ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പാക്കി കർഷകർക്ക് വിതരണം ചെയ്യുകയും, 125 കർഷകർക്ക് ചെമ്മീൻ കൃഷിയിൽ പരിശീലനം നൽകുകയും ചെയ്തു.<br><br>**2. നീറവ് മത്സ്യകൃഷി പദ്ധതി.**<br><br>ഈ പദ്ധതിയിൽ 94.5 ലക്ഷം രൂപ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം അനുവദിക്കുകയുണ്ടായി. നെൽകൃഷി വിളവെടുപ്പിന് 4 മാസം മുൻപ് തന്നെ മത്സ്യകുഞ്ഞുങ്ങളെ നഴ്സറി പരിപാലനത്തിനായി മത്സ്യക്കൂടുകളിൽ പൊക്കാളി പാടശേഖരങ്ങളിലെ ആഴം കൂടിയ ഭാഗത്ത് ഏകദേശം 5 മീറ്റർ സ്ക്വയർ വിസ്തീർണ്ണമുള്ള മത്സ്യക്കൂടുകളിൽ നിക്ഷേപിക്കുന്നു. ഇവയെ |

| | |
|---|---|
| | പരിപാലിച്ച് നെൽകൃഷി വിളവെടുപ്പോടെ പാടശേഖരത്തിലാകമാനം തുറസ്സായിവിട്ട് 6 മാസം കൂടി വളർത്തി, വിളവെടുത്ത് വിപണനം ചെയ്യുന്നു. ഈ പദ്ധതിയിൽ എറണാകുളം നോർത്ത് പറവൂർ മണ്ഡലത്തിലും തൃശ്ശൂർ കൊടുങ്ങല്ലൂർ മണ്ഡലത്തിലുമായി 60 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്തി. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച പഠനം നടത്തുന്നതിനായി ഏതെങ്കിലും വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) കേരളത്തിലെ പൊക്കാളിപാടങ്ങളിലെയും കോൾനിലങ്ങളിലെയും സുസ്ഥിരജലകൃഷി നയം സംബന്ധിച്ച് പഠിക്കുന്നതിനായി പ്രൊഫ. ബി.മധുസൂദനക്കുറുപ്പ് അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പൊക്കാളി മത്സ്യകൃഷി സംരക്ഷിക്കുന്നതിനായി എന്തു തുക ധനസഹായം നൽകിയിട്ടുണ്ട്; ഇതിനായി കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; | (സി) 2012-13 വർഷം പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി പ്രകാരം പൊക്കാളി കർഷകർക്ക് ആവർത്തന ചെലവുകൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 85 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി ധനസഹായമായി നൽകിയിട്ടുണ്ട്.<br><br>നിറവ് പദ്ധതി പ്രകാരം ഓരു ജല മത്സ്യകൃഷിക്കായി കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം കൊടുങ്ങല്ലൂർ, പറവൂർ നിയോജക മണ്ഡലങ്ങളിലെ മത്സ്യകൃഷിക്ക് 94.5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത കൃഷി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ~~പൊക്കാളി പാടങ്ങളിൽ നെൽകൃഷിക്കുശേഷം~~ മത്സ്യകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവർത്തന ചെലവുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ